©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2019 ജൂലൈ 24<br>24th July 2019<br>1194 കർക്കടകം 8<br>8th Karkadakam 1194<br>1941 ശ്രാവണം 2<br>2nd Sravana 1941 | നമ്പർ<br>No. **1679** |

### കേരള സർക്കാർ

പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ്

### വിജ്ഞാപനം

സ.ഉ.(അച്ചടി) നമ്പർ 7/2019/പൊ. ഭ. വ. *തിരുവനന്തപുരം, 2019 ജൂൺ 21.*

**എസ്. ആർ. ഒ. നമ്പർ 492/2019**

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസിലെ (2019-ലെ 12) 27-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, താഴെപ്പറയും പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ബോർഡ് " എന്നാൽ ഓർഡിനൻസിന്റെ 10-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു ;

(ബി) "ചെയർമാൻ "എന്നാൽ 10-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (i)-ാം ഖണ്ഡം പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ബോർഡിന്റെ ചെയർമാൻ എന്നർത്ഥമാകുന്നു ;

(സി) "ചീഫ് എക്സിക്യൂട്ടീവ് ആഫീസർ " എന്നാൽ ഓർഡിനൻസിന്റെ 10-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (vi)-ാം ഖണ്ഡപ്രകാരം നിയമിക്കപ്പെടുന്ന ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ എന്നർത്ഥമാകുന്നു ;

(ഡി) " ന്യൂനപക്ഷ ക്ഷേമ വകുപ്പ് " എന്നാൽ സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് എന്നർത്ഥമാകുന്നു ;

(ഇ) " ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ " എന്നാൽ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നർത്ഥമാകുന്നു.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ, നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ഓർഡിനൻസിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം ഓർഡിനൻസിൽ അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥം തന്നെ ആയിരിക്കുന്നതാണ്.

3. ബോർഡിലെ അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസും യാത്രാബത്തയും ദിനബത്തയും.— (1) സർക്കാരിനെ പ്രതിനിധീകരിക്കുന്ന ബോർഡ് അംഗങ്ങൾക്ക് ബോർഡിന്റെ കാര്യ നിർവ്വഹണത്തിനു വേണ്ടി നടത്തുന്ന യാത്രകൾക്ക്, അവർക്ക് ബാധകമായ സർവ്വീസ് ചട്ടങ്ങൾ പ്രകാരം അർഹതപ്പെട്ട നിരക്കിലുള്ള യാത്രാബത്തയ്ക്കും ദിനബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

(2) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അനൗദ്യോഗിക അംഗങ്ങൾക്ക് ബോർഡ് യോഗങ്ങളിൽ പങ്കെടുക്കുന്നതിനും ബോർഡിന്റെ കാര്യനിർവ്വഹണത്തിനുംവേണ്ടി നടത്തുന്ന യാത്രകൾക്ക് സർക്കാർ സർവ്വീസിലെ ക്ലാസ്-1 ആഫീസർമാർക്ക് അർഹതപ്പെട്ട നിരക്കിലുള്ള യാത്രാബത്തയ്ക്കും ദിനബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അനൗദ്യോഗിക അംഗങ്ങൾക്ക് ബോർഡ് യോഗങ്ങളിൽ പങ്കെടുക്കുന്നതിന് ഓരോ യോഗത്തിനും ആയിരം രൂപ വീതം സിറ്റിംഗ് ഫീസിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

4. നിലവിലുള്ള പ്രവർത്തക ക്ഷേമനിധിയിൽനിന്നുള്ള സഞ്ചിത തുകയുടെ കൈമാറ്റം.-- ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന തീയതിയിൽ പ്രവർത്തക ക്ഷേമനിധിയുടെ കണക്കിലുണ്ടായിരുന്ന എല്ലാ തുകകളും ഓർഡിനൻസിന്റെ 2-ാം വകുപ്പ് (എഫ്) ഖണ്ഡപ്രകാരം രൂപീകരിച്ച നിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതാണ്.

5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെയും മറ്റു ഉദ്യോഗസ്ഥരുടെയും നിയമനം.-- ബോർഡിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനായി പൊതുഭരണ വകുപ്പിലെ സെക്ഷൻ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയും പൊതുഭരണ വകുപ്പിലെ രണ്ട് അസിസ്റ്റന്റുമാരെ ബോർഡിൽ അസിസ്റ്റന്റുമാരായും ഒരു അസിസ്റ്റന്റിനെ അക്കൗണ്ടന്റ് ആയും പൊതുഭരണ വകുപ്പിലെ ഒരു ഓഫീസ് അറ്റൻഡന്റിനെ ബോർഡിലെ ഓഫീസ് അറ്റൻഡന്റ് ആയും സർക്കാരിന് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്. അപ്രകാരം നിയമിക്കപ്പെടുന്ന ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടേയും മറ്റ് ഉദ്യോഗസ്ഥരുടെയും ശമ്പളവും അലവൻസുകളും മറ്റു സേവന വ്യവസ്ഥകളും അവരുടെ മാതൃവകുപ്പിലേതിന് സമാനമായിരിക്കുന്നതാണ്.

6. നിധിയുടെ കണക്കുകളും ആഡിറ്റും ആഡിറ്റർമാരുടെ നിയമനവും.--എല്ലാ വർഷവും ജൂൺ 15-ാം തീയതിക്കുമുൻപ് നിധി സംബന്ധമായ എല്ലാ കണക്കുകളും ഭരണപരമായ ചെലവുകളും ഉൾപ്പെടെ സംസ്ഥാന ആഡിറ്റ് വകുപ്പിന്റെ ആഡിറ്റർമാരെക്കൊണ്ട് ആഡിറ്റ് ചെയ്യിക്കേണ്ടതാണ്. ആഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന പോരായ്മകൾ എന്തെങ്കിലുമുണ്ടെങ്കിൽ ബോർഡ് അവ പരിശോധിച്ച് ശരിയാക്കേണ്ടതും ആവശ്യമായ തിരുത്തൽ റിപ്പോർട്ട് ആഡിറ്റ് റിപ്പോർട്ടിനൊപ്പം ജൂലൈ 31-ന് മുൻപായി സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

എ. ഷാജഹാൻ,
*സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. )

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസിലെ (2019-ലെ 12-ാം നമ്പർ ഓർഡിനൻസ്) 27-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

Digitally signed by SHEELA M G
Date:2019.07.24 06:58:17 +05:30

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/